ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 02.12.2024 | പ്രധാന വാർത്തകൾ | TIME : 12.50 PM

1. പാർലമെൻറ് ഇന്നും പ്രക്ഷുബ്ധം. പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇരുസഭകളും ഇന്നത്തേയ്ക്ക് പിരിഞ്ഞു.

   **Both the Houses of Parliament adjourned for the day following the opposition's continued ruckus over various issues.**

2. ഫെൻഞ്ചൽ ചുഴലിക്കാറ്റിനെ തുടർന്ന് തമിഴ്നാട്ടിൽ പ്രളയക്കെടുതി രൂക്ഷം. പുതുച്ചേരിയിലും മഴ ശക്തം.

   **Flood disaster is severe in Tamil Nadu due to Cyclone Fennel. Heavy rains continues in Puducherry too.**

3. കേരളത്തിലെ വടക്കൻ ജില്ലകളിൽ അതിശക്തമായ മഴ തുടരുന്നു. അഞ്ച് ജില്ലകളിൽ ചുവപ്പു ജാഗ്രത. എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ തുറന്നു.

   **Heavy rains continue in the northern districts of Kerala. Red alert in five districts. Control rooms opened in all districts.**

4. രാജ്യത്തെ ആരോഗ്യമേഖലയെ എല്ലാ ജനങ്ങൾക്കും പ്രാപ്യമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ.

Union Minister Dr Mansukh Mandaviya has said that the Government is making efforts to make the Health Sector Affordable and Accessible to all people.

5. പ്ലാസ്റ്റിക് മലിനീകരണ നിരോധനവും, സുസ്ഥിര വികസനവും തമ്മിലുള്ള സന്തുലിതാവസ്ഥ ഉറപ്പ് വരുത്തണമന്ന് ആഹ്വാനം ചെയ്ത് ഇന്ത്യ.

India has called for a critical balance between preventing Plastic Pollution and affecting sustainable development.

6. ISL ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ F.C, മുഹമ്മദൻ S.C യെ നേരിടും.

Jamshedpur F.C. will face Mohammedan S.C. today in ISL football.

**********************

## PAR-ADJOURN

പ്രതിപക്ഷ ബഹളത്തെ തുടർന്ന് - പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേയ്ക്ക് പിരിഞ്ഞു. ഒരു പ്രമുഖ വ്യവസായ സംരംഭത്തിനെതിരായ കൈക്കൂലി ആരോപണം, ഉത്തർപ്രദേശിലെ സംബലിലുണ്ടായ അക്രമം തുടങ്ങിയ വിഷയങ്ങളുയർത്തിയായിരുന്നു പ്രതിപക്ഷ പ്രതിഷേധം.

ലോക്സഭയിൽ, ഇന്ന് രാവിലെ സഭ സമ്മേളിച്ചയുടൻ, സംബലിലെ അക്രമം ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ

എംപിമാർ കുത്തിയിരുന്നു പ്രതിഷേധിച്ചു . സ്പീക്കർ ചോദ്യോത്തര വേളയിലേക്ക് കടക്കാൻ ശ്രമിച്ചെങ്കിലും പ്രതിപക്ഷം ബഹളം തുടർന്നതോടെ സ്പീക്കർ സഭ 12 മണിവരെ നിർത്തിവച്ചു. വീണ്ടും സമ്മേളനം തുടങ്ങിയെങ്കിലും പ്രതിഷേധം ശക്തമായതോടെ സഭ ഇന്നത്തേയ്ക്ക് പിരിയുകയായിരുന്നു. രാജ്യസഭയിലും സമാനമായ പ്രതിഷേധം അരങ്ങേറി .വിവിധ വിഷയങ്ങളിൽ പ്രതിപക്ഷ എംപിമാർ നൽകിയ അടിയന്തര പ്രമേയ നോട്ടീസ് ചെയർമാൻ ജഗ്ദീപ് ധൻഖർ നിരസിച്ചു. പ്രതിപക്ഷ അംഗങ്ങൾ സഭയിൽ ബഹളം തുടർന്നതോടെ സഭ ഇന്നത്തേക്ക് പിരിഞ്ഞു.

************************

## CYCLONE - TN

ഫെൻജൽ ചുഴലിക്കാറ്റിനെ തുടർന്ന് തമിഴ്നാട്ടിൽ മഴ ശക്തമായി തുടരുന്നു. പ്രളയക്കെടുതിയും രൂക്ഷമാണ്. വില്ലുപുരം, തിരുവണ്ണാമലൈ, മയിലാടുതുറൈ, വെല്ലൂർ, റാണിപെട്ട് ജില്ലകളിൽ ഉൾപ്പെടെ ദുരന്ത പ്രതിരോധ സേന രക്ഷാപ്രവർത്തനം തുടരുകയാണ്. തിരുവണ്ണാമലൈയിൽ പ്രളയക്കെടുതികളിൽ നിരവധി വീടുകൾ തകർന്നു. പുതുച്ചേരിയിലും സമീപ പ്രദേശങ്ങളിലും കനത്ത മഴ തുടരുന്നുണ്ട്. അതേസമയം, ഫെൻജൽ ചുഴലിക്കാറ്റ് ശക്തികുറഞ്ഞ് തീവ്രന്യൂനമർദമായി മാറിയെന്ന് കേന്ദ്ര കലാവാസ്ഥാകേന്ദ്രം അറിയിച്ചു.

************************

## RAIN-KERALA

കേരളത്തിൽ ഇന്ന് അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ , കാസർഗോഡ് ജില്ല കളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. പാലക്കാട്, എറണാകുളം, ഇടുക്കി, തൃശൂർ, ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ചുവപ്പു ജാഗ്രത പ്രഖ്യാപിച്ച സ്ഥലങ്ങളിൽ മലവെള്ളപ്പാച്ചിലിനും മിന്നൽപ്രളയത്തിനും സാധ്യതയുള്ളതിനാൽ

മലയോര പ്രദേശങ്ങളിൽ കഴിയുന്നവർ ജാഗ്രത പാലിക്കണം. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ സാധ്യതയും പ്രവചിക്കുന്നുണ്ട്. കേരള - കർണ്ണാടക തീരത്ത് മറ്റന്നാൾ വരെയും ലക്ഷദ്വീപ് തീരത്ത് ഈ മാസം അഞ്ചുവരെയും മീൻപിടിത്തത്തിന് വിലക്ക്.

**********************

## RAIN-CM

കേരളത്തിൽ അതിതീവ്ര മഴ മുന്നറിയിപ്പ് നിലനിൽക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർഥിച്ചു. കേരളത്തിലെ എല്ലാ ജില്ലകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന താലൂക്ക്, ജില്ലാ കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. അവശ്യഘട്ടങ്ങളിൽ 1077, 1070 എന്നീ ടോൾ ഫ്രീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**********************

## K-Rajan(INTRO)

കേരളത്തിൽ വടക്കൻ ജില്ലകളിൽ ഇന്ന് വൈകിട്ടോടെ മഴ ശക്തി പ്രാപിക്കുമെന്ന് റവന്യൂ മന്ത്രി കെ.രാജൻ പറഞ്ഞു. തിരുവനന്തപുരത്ത് സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടിയിൽ മഴ മുന്നറിയിപ്പ് സാഹചര്യങ്ങൾ വിലയിരുത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. **(വോയിസ്.............)**

**********************

## Idukki-Sabarimala

കനത്ത മഴയെ തുടർന്ന് ശബരിമലയിലേക്കുള്ള പരമ്പരാഗത കാനന പാതയിലൂടെയുള്ള യാത്ര താൽക്കാലികമായി നിരോധിച്ചു. ഇതുവഴി പോകാനെത്തിയ അയ്യപ്പ ഭക്തർക്കായി താൽക്കാലിക ഷെൽട്ടർ സംവിധാനം ഏർപ്പെടുത്തി.

**********************

## MANDAVYA

രാജ്യത്തെ ആരോഗ്യമേഖലയെ എല്ലാ ജനങ്ങൾക്കും പ്രാപ്യമായതും താങ്ങാനാവുന്നതുമാക്കി മാറ്റുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ.

2014ൽ, 387 മെഡിക്കൽ കോളേജുകളുണ്ടായിരുന്ന സ്ഥാനത്ത് പത്തു വർഷം കഴിഞ്ഞപ്പോൾ അത് 780 ആയി വർദ്ധിച്ചു. കൂടാതെ ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന ലോകത്തിലെ ഏറ്റവും വലിയ ചികിത്സാ പദ്ധതിയായി മാറിയെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

**********************

## Differentialy abled- awards

ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനായുള്ള ദേശീയ പുരസ്കാരം ഭിന്നശേഷിയരുടെ അന്താരാഷ്ട്ര ദിനമായ നാളെ രാഷ്ട്രപതി ദ്രൗപതി മുർമു സമ്മാനിക്കും. മൊത്തം 22 പേർക്കും 11 സ്ഥാപനങ്ങൾക്കുമാണ് ദേശീയ പുരസ്കാരം നൽകുന്നത്. തുടർന്ന് ഭിന്നശേഷി
വിഭാഗത്തിൻറെ ശാക്തീകരണത്തിനായി സാമൂഹ്യനീതിവകുപ്പ് നടപ്പിലാക്കുന്ന നിരവധി ക്ഷേമ പദ്ധതികൾ മന്ത്രി വീരേന്ദ്ര കുമാർ ചടങ്ങിൽ അവതരിപ്പിക്കും.

**********************

## UNCCD COP16 (INTRO)

മരുഭൂവൽക്കരണത്തെ ചെറുക്കുന്നതിനുള്ള യുഎൻ സമ്മേളനത്തിന് സൗദി അറേബ്യയിലെ റിയാദിൽ തുടക്കമായി . പശ്ചിമേഷ്യയിൽ ഇതാദ്യമായാണ് ഈ നിർണായക പരിസ്ഥിതി സമ്മേളനം സംഘടിപ്പിക്കുന്നത്. 197 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾക്കൊപ്പം ഇന്ത്യയും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട് . ആഗോളതലത്തിൽ പരിസ്ഥിതി പ്രശ്നങ്ങൾ രൂക്ഷമാകുന്ന സാഹചര്യത്തിൽ ഭൂമിയെ സംരക്ഷിക്കുന്നതിനായി ഏക് പേട് മാ കെ നാം അഭിയാൻ പോലുള്ള പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണെന്ന് കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ് പറഞ്ഞു.
(വോയിസ്)

**********************

## PLASTIC POLLUTION -INDIA

പ്ലാസ്റ്റിക് മലിനീകരണ നിരോധനവും, സുസ്ഥിര വികസനവും തമ്മിലുള്ള സന്തുലിതാവസ്ഥ ഉറപ്പ് വരുത്തണമന്ന് ആഹ്വാനം ചെയ്ത് ഇന്ത്യ. ഇത് വികസ്വര രാജ്യങ്ങളെ സംബന്ധിച്ച് വളരെ പ്രാധാന്യം അർഹിക്കുന്ന കാര്യമാണെന്നും ഇന്ത്യ ചൂണ്ടിക്കാട്ടി. ദക്ഷിണ കൊറിയയിലെ ബുസാനിൽ നടക്കുന്ന ഇൻ്റർ ഗവൺമെൻ്റൽ നെഗോഷിയേറ്റിംഗ് കമ്മിറ്റിയിലാണ് വർധിക്കുന്ന പ്ലാസ്റ്റിക് മലിനീകരണത്തിൽ ഇന്ത്യ ആശങ്ക പ്രകടിപ്പിച്ചത് .

**********************

## ISL

ISL ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ F.C, മുഹമ്മദൻ S.C യെ നേരിടും. രാത്രി ഏഴരയ്ക്ക് ജംഷഡ് പൂരിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ബെംഗളൂരു എഫ് സി - ഒഡിഷ എഫ് സിയെ 2 ഗോളുകൾക്ക് പരാജയപ്പെടുത്തി.

**********************

## Sambhal-inquiry commission

ഉത്തർപ്രദേശിൽ, സംബലിലെ ഷാഹി ജുമാ മസ്ജിദിൽ രണ്ടാം സർവേയ്ക്കിടെ നടന്ന അക്രമത്തെക്കുറിച്ച് ജുഡീഷ്യൽ കമ്മീഷൻ അന്വേഷണം ആരംഭിച്ചു. നാല് പേർ കൊല്ലപ്പെടുകയും പോലീസുകാർ ഉൾപ്പെടെ 25-ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്ത അക്രമത്തെക്കുറിച്ചാണ് ജുഡീഷ്യൽ കമ്മീഷൻ അന്വേഷിക്കുന്നത്.

**********************

## UPI - OCTOBER

ഈ വർഷം ഒക്ടോബറിൽ ഏകദേശം 1,658 കോടി രൂപയുടെ സാമ്പത്തിക ഇടപാടുകൾ യു പി ഐ നടത്തിയതായി കേന്ദ്ര ധനകാര്യമന്ത്രാലയം. ഇതിലൂടെ ഏകദേശം 23.49 ലക്ഷം കോടി രൂപയുടെ ചരിത്ര നേട്ടം യുപിഐ കൈവരിച്ചു.

**********************

## MAHA KUMBA MELA

ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ മഹാകുംഭമേള നടക്കുന്ന മേഖല പുതിയ ജില്ലയായി പ്രഖ്യാപിച്ച് സർക്കാർ. പുതുതായി രൂപീകരിക്കുന്ന ജില്ല മഹാ കുംഭമേള എന്ന പേരിലായിരിക്കും അറിയപ്പെടുക. വരാനിരിക്കുന്ന കുംഭമേളയുടെ നടത്തിപ്പും ഭരണവും കാര്യക്ഷമമാക്കാനാണ് തീരുമാനം. 12 വർഷത്തിലൊരിക്കൽ നടക്കുന്ന മഹാ കുംഭ മേള 2025 ജനുവരി 13-ന് ആരംഭിച്ച് ഫെബ്രുവരി 26-ന് സമാപിക്കും.

************************

## Proba-3 mission

യൂറോപ്യൻ സ്പേസ് ഏജൻസിയ്ക്കായുള്ള ഐ.എസ്.ആർ.ഒ.യുടെ പി.എസ്.എൽ.വി സി-59 പ്രോബ-3 ദൗത്യം മറ്റന്നാൾ ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെൻററിൽ നിന്ന് കുതിച്ചുയരും.
550 കിലോ ഭാരമുള്ള ഉപഗ്രഹമാണ് വിക്ഷേപിക്കുന്നത്. സൂര്യാന്തരീക്ഷത്തിലെ ചൂടേറിയതും ഏറ്റവും പുറമേയുള്ളതുമായ സോളർ കൊറോണ പാളിയെപ്പറ്റി പഠിക്കുകയാണ് ലക്ഷ്യം. 2001-ൽ പ്രോബ-1 2009 ൽ പ്രോബ-2 എന്നിവ വിക്ഷേപിച്ചിരുന്നു.

************************

## PM-SABARMATHI REPORT

പ്രധാന മന്ത്രി നരേന്ദ്ര മോദി ഇന്ന്, പാർലമെൻറിലെ ബാൽയോഗി ഓഡിറ്റോറിയത്തിൽ 'സബർമതി റിപ്പോർട്ട്' എന്ന സിനിമ വീക്ഷിക്കും. ഗുജറാത്തിലെ ഗോധ്ര ട്രെയിൻ തീവെപ്പ് സംഭവത്തെ ആസ്പദമാക്കിയാണ് ചിത്രം ഒരുക്കിയിരിക്കുന്നത്.

************************

## NEPAL PM

നേപ്പാൾ പ്രധാനമന്ത്രി കെ.പി ശർമ്മ ഒലി നാലു ദിവസത്തെ ചൈന സന്ദർശനത്തിനായി ഇന്ന് രാവിലെ ബെയ്ജിംഗിലേക്ക് പുറപ്പെട്ടു. ചൈനീസ്

പ്രധാനമന്ത്രിയുടെ ക്ഷണപ്രകാരമാണ് ശർമ്മ ഒലിയുടെ സന്ദർശനം. ചൈനീസ് പ്രസിഡൻ്റ് ഷി ജിൻപിങ്ങുമായും നേപ്പാൾ പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

**********************

## UN – GAZA AID

പലസ്തീൻ അഭയാർത്ഥികൾക്കായി കെരെം ഷാലോം വഴി നൽകി വരുന്ന യുഎൻ റിലീഫ് ആൻഡ് വർക്ക്സ് ഏജൻസി ഗസയിലേക്കുള്ള മാനുഷിക സഹായങ്ങൾ താൽക്കാലികമായി നിർത്തിവച്ചു. കഴിഞ്ഞ മാസം സായുധ സംഘങ്ങൾ പ്രദേശത്ത് നടത്തിയ കവർച്ചയുടെ അടിസ്ഥാനത്തിലാണ് തീരുമാനം.

**********************

## UAE NATIONAL DAY

യുണൈറ്റഡ് അറബ് എമിറേറ്റ്സ് ഇന്ന് 53-ാം ദേശീയ ദിനം ആഘോഷിക്കുന്നു. ഏഴ് എമിറേറ്റുകളിലുടനീളം സർക്കാർ കെട്ടിടങ്ങളും തെരുവുകളും ദേശീയപതാകകളാൽ അലങ്കരിച്ചിട്ടുണ്ട്. യുഎഇയിലെ പ്രവാസി സമൂഹവും ആഘോഷങ്ങളിൽ പങ്കാളിയാകുന്നു. ഏകദേശം 40 ലക്ഷം ഇന്ത്യക്കാർ യുഎഇയിൽ ഉണ്ട്. ഇന്ത്യയും യുഎഇയും തമ്മിലുള്ള ബന്ധം ആഴത്തിൽ വേരൂന്നിയതാണെന്ന് ഇന്ത്യയുടെ കോൺസൽ ജനറൽ ദേശീയദിന സന്ദേശത്തിൽ പറഞ്ഞു.

**********************

****************

***